**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2683** **24-02-2026 - ൽ മറുപടിയ്ക്ക്**

**ആദിവാസി കുടുംബങ്ങളുടെ വനാവകാശ നിയമപ്രകാരമുള്ള പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആദിവാസി വിഭാഗത്തിൽപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും വനാവകാശ നിയമപ്രകാരം ലഭിക്കേണ്ട ഭൂമി അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | **വനാവകാശ നിയമ പ്രകാരം നാളിതുവരെ 29422 കുടുംബങ്ങൾക്ക് 39106.15 ഏക്കർ ഭൂമിയ്ക്ക് വ്യക്തിഗത കൈവശാവകാശ രേഖയും, 788316.14 ഏക്കർ ഭൂമിയ്ക്കായി 284 സാമൂഹിക അവകാശങ്ങളും നൽകിയിട്ടുണ്ട്.**<br><br>**വ്യക്തിഗത വനാവകാശത്തിനുള്ള 2212 അപേക്ഷകളും സാമൂഹിക അവകാശത്തിനായി സമർപ്പിച്ചിട്ടുള്ള 341 അപേക്ഷകളും തീർപ്പ് കൽപ്പിക്കേണ്ടതായി ഉണ്ട്. ഇതിന്മേൽ തുടർ നടപടി സ്വീകരിച്ചു വരുന്നു.** |
| (ബി) | തൃശ്ശൂർ ജില്ലയിലെ അരേയ്ക്കാപ്പ്-വീരാങ്കുടി ആദിവാസി ഉന്നതിയിൽ നിന്നും മാറി കോടശ്ശേരി വില്ലേജിലെ മാതംകോട് കുടിൽകെട്ടി താമസിച്ചുവരുന്ന നാൽപ്പതിലധികം വരുന്ന കുടുംബങ്ങളുടെ പുനരധിവാസം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) | **മലയാറ്റൂർ വനം ഡിവിഷൻ, ഇടമലയാർ ഫോറസ്റ്റ് റെയ്ഞ്ചിനു കീഴിൽ പെരുമഴി ഫോറസ്റ്റ് സ്റ്റേഷന്റെ അധികാര പരിധിയിൽ ഉൾപ്പെടുന്ന കപ്പായം വന മേഖലയിൽ സ്ഥിതിചെയ്യുന്ന ആദിവാസി നഗർ ആണ് അരേക്കാപ്പ് - വീരാങ്കുടി നഗർ. സ്ഥിരമായി മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ ഉണ്ടാകാറുള്ള ഈ ഉന്നതികളിൽ നിന്നും നിവാസികളെ ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കീഴിലുള്ള മാരാങ്കോട് കശുമാവിൻതോപ്പ് എന്ന സ്ഥലത്തേക്ക് മാറ്റി പുനരധിവസിപ്പിക്കുന്നതിന് 20.12.2024 തീയതിയിൽ ചേർന്ന ജില്ലാതല സമിതി തീരുമാനം എടുത്തിരുന്നു.**<br><br>**ഈ ഉന്നതിയിൽ വനാവകാശ നിയമ പ്രകാരം വ്യക്തിഗത വനാവകാശ രേഖ ലഭിച്ച 29 കുടുംബങ്ങൾക്കായി 42.4791 ഹെക്ടർ ഭൂമി നിലവിലുണ്ട്. പ്രസ്തുത 29 കുടുംബങ്ങൾക്കും, വ്യക്തിഗത വനാവകാശ രേഖക്ക് അർഹതയുണ്ടായിട്ടും ലഭിക്കാതിരുന്ന 2 കുടുംബങ്ങൾക്കും (0.4780 ഹെക്ടർ) ഉൾപ്പെടെ ആകെ 31 കുടുംബങ്ങൾക്കും അവരുടെ ഉപകുടുംബങ്ങൾക്കുമായി 42.9571 ഹെക്ടർ ഭൂമി** |

| | | | |
|---|---|---|---|
| | | | (0.4780 + 42.4791) ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കീഴിലുള്ള മാരാങ്കോട് കശുമാവിൻതോപ്പ് എന്ന സ്ഥലത്ത് അനുവദിക്കുന്നതിനാണ് ജില്ലാതല സമിതി തീരുമാനം എടുത്തിരുന്നത്.<br><br>പ്രസ്തുത തീരുമാനം 04/04/2025 ൽ നടന്ന സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. തുടർനടപടികൾ സ്വീകരിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, ടി.ആർ.ഡി.എം സ്പെഷ്യൽ ഓഫീസർ, റവന്യൂ വകുപ്പ് എന്നിവർക്ക് നിർദ്ദേശം നൽകി 13.06.2025 സ.ഉ(സാധാ)നം. 380/2025/SCSTD പ്രകാരം ഉത്തരവാകുകയും ചെയ്തു. തുടർന്ന് മാരാങ്കോട് കശുമാവിൻതോപ്പിൽ ഭൂമി അളന്ന് തിരിച്ച് കല്ലിടുന്ന പ്രവർത്തി തുടരുന്ന സമയത്ത് ചാലക്കുടി ഡി.എഫ്.ഒ സ്റ്റോപ്പ് മെമ്മോ നൽകുകയുണ്ടായി. എന്നാൽ ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം പ്രവർത്തി തുടരുകയും പിന്നീട് നിർത്തിവെയ്ക്കുകയും ചെയ്തു.<br><br>മാരാങ്കോട് താമസിക്കുന്ന കുടുംബങ്ങൾക്ക് വനാവകാശ നിയമ പ്രകാരം ഇതുവരെ വ്യക്തിഗത അവകാശം നൽകിയിട്ടില്ല. പ്രകൃതി ദുരന്തങ്ങൾ, മനുഷ്യ വന്യജീവി സംഘർഷം തുടങ്ങിയ അസാധാരണ സാഹചര്യങ്ങളിൽ പട്ടികവർഗ്ഗ കുടുംബങ്ങളെ ഉന്നതികളിൽ നിന്നും മാറ്റി പാർപ്പിക്കുന്നതിനായി വനം വകുപ്പ് മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കുടുംബങ്ങളുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. എന്നിരുന്നാലും ഈ കുടുംബങ്ങൾക്ക് താൽക്കാലിക അടിസ്ഥാന സൗകര്യങ്ങൾ വിവിധ വകുപ്പുകൾ മുഖേന ഏർപ്പെടുത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. 17.02.2026 ന് ഇവർക്ക് അടിസ്ഥാന രേഖകളും തൊഴിൽ കാർഡും ലഭ്യമാക്കുന്നതിന് ABCD ക്യാമ്പ് നടത്തുകയുണ്ടായി. |
| (സി) | മുകുന്ദപുരം, ചാലക്കുടി താലൂക്കുകളിൽ ഉൾപ്പെടുന്ന വിവിധ ഉന്നതികളിൽ കാലങ്ങളായി താമസിച്ചുവരുന്ന മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും പട്ടയവും വനാവകാശ നിയമപ്രകാരമുള്ള ഭൂമിയും ലഭ്യമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | മുകുന്ദപുരം താലൂക്കിൽ 68 കുടുംബങ്ങളിൽ കല്ലുംകുന്ന് ഉന്നതിയിൽ 9 പേർക്ക് റവന്യൂ ഭൂമിയിൽ പുതുതായി പട്ടയം നൽകിയിട്ടുണ്ട്. ബാക്കിയുള്ളവരിൽ ഭൂമിയ്ക്ക് രേഖയില്ലാത്തവരെ കണ്ടെത്തി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>ചാലക്കുടി താലൂക്കിൽ 1092 കുടുംബങ്ങളിൽ വനാവകാശ നിയമപ്രകാരം 608 പേർക്ക് കൈവശാവകാശ രേഖ നല്കിയിട്ടുണ്ട്. കള്ളിച്ചിത്ര-നടാംപാടം ഉന്നതിയിലെ 17 പേർക്ക് പുതുതായി |

| | | | |
|---|---|---|---|
| | | | റവന്യൂ ഭൂമി പട്ടയം നല്കിയിട്ടുണ്ട്. 'ആശിക്കും ഭൂമി ആദിവാസിക്ക്' പദ്ധതി പ്രകാരം 19 പേർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകി ഭൂമി രജിസ്റ്റർ ചെയ്ത് രേഖ ലഭ്യമാക്കിയിട്ടുണ്ട്. ചാലക്കുടി താലൂക്കിലും ഭൂമിയ്ക്ക് രേഖയില്ലാത്തവരെ കണ്ടെത്തി അവ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ